**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 539** | **13-10-2026-ൽ മറുപടിയ്ക്ക്**

**കൈത്തറി നെയ്ത്ത് സഹകരണ സംഘം നവീകരണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** | **മറുപടി നൽകിയ മന്ത്രി**

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ ആലംകോട് വീക്ഷണം കൈത്തറി നെയ്ത്ത് സഹകരണ സംഘം നവീകരണവുമായി ബന്ധപ്പെട്ട് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

**മറുപടി:** ആറ്റിങ്ങൽ ആലംകോട് കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരുന്ന വീക്ഷണം കൈത്തറി നെയ്ത്ത് സഹകരണ സംഘത്തിന്റെ വർക്ക് ഷെഡ് അറ്റകുറ്റപ്പണി, തറികളുടെ അറ്റകുറ്റപ്പണി, കുടിശ്ശികകൾ (അറ്റാച്ച്മെന്റ്, നികുതി, വെള്ളം, വൈദ്യുതി) എന്നിവയിൽ ആനുകൂല്യങ്ങൾ നൽകി സംഘം പുനരുജ്ജീവിപ്പിക്കണമെന്ന് തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രം മുഖേന ലഭ്യമാക്കിയ അപേക്ഷയിന്മേൽ, വർക്ക് ഷെഡ്/ തറികൾ എന്നിവ അറ്റകുറ്റ പണികൾ ചെയ്യുന്നതിനായി, നിലവിലുള്ള പദ്ധതി മാർഗ്ഗരേഖാ പ്രകാരം ആവശ്യമായ രേഖകൾ സഹിതം അപേക്ഷകൾ പുനഃസമർപ്പിക്കുന്നതിന് കൈത്തറി & ടെക്സ്റ്റൈൽസ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ സംഘത്തിന് നിലവിലുള്ള കുടിശ്ശികകൾ അടയ്ക്കുന്നതിനായി തുക അനുവദിച്ച് നൽകുന്നതിനുള്ള പദ്ധതിയൊന്നും നിലവിലില്ല.

**സെക്ഷൻ ഓഫീസർ**